**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **13-02-2025 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ (വിവിധ ധനസഹായങ്ങൾ ഉൾപ്പെടെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വിവിധ അവസരങ്ങളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഇവയിൽ ഇതിനോടകം പാലിക്കപ്പെട്ടതും അല്ലാത്തതും ഏതൊക്കെയെന്നും വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ (വിവിധ ധനസഹായങ്ങൾ ഉൾപ്പെടെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | നിലവിലുള്ള ലിസ്റ്റിൽ എത്ര എൻഡോസൾഫാൻ ദുരിതബാധിതരാണുള്ളതെന്നും ഇവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ നിലവിലുള്ള ലിസ്റ്റിൽ 7266 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ (പഞ്ചായത്ത് തിരിച്ചുള്ളത്) അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകിയ ആശുപത്രികൾക്ക് കുടിശ്ശിക നൽകുവാൻ ഉണ്ടോയെന്നും എങ്കിൽ ഇത് ഏതെല്ലാം ആശുപത്രികൾക്കെന്നും വിശദമാക്കാമോ? | (ഡി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകിയ ഇനത്തിൽ കുടിശ്ശിക നൽകുവാനുള്ള ആശുപത്രികളുടെ പട്ടിക അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം : 1

**(I) കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ**

- എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ച നൽകിയിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളുടെ 3 ലക്ഷം വരെയുള്ള കടങ്ങൾ GO(Ms) No. 298/2014/H&FWD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സയും മരുന്നും നൽകുന്നതിനുള്ള നടപടി ആരോഗ്യവകുപ്പ് മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.
- എൻഡോസൾഫാൻ ബാധിത ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ച വരുന്ന ബഡ്സ് സ്കൂളുകളുടെ പ്രവർത്തനചെലവുകൾക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്ന പദ്ധതി 2022-23 വർഷം മുതൽ രൂപീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട് ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|
| ബഡ്സ് സ്കൂളുകൾക്ക് ധനസഹായം- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 30,00,000 |
| ബഡ്സ് സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 6,00,107 |
| ബഡ്സ്സ സ്കൂൾ നടത്തിപ്പിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 4,68,455 |
| ബഡ്സ് സ്കൂൾ നടത്തിപ്പിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 1,06,054 |
| എം.സി.ആർ.സി ബഡ്സ് വൊക്കേഷണൽ ,സെന്ററുകളിലേക്ക് റോ മെറ്റീരിയലുകൾ നൽകൽ | 5,00,000 |
| 2023-24 | |
| ബഡ്സ് സ്കൂൾ നടത്തിപ്പിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 28,00,000 |
| ബഡ്സ് സ്കൂൾ നടത്തിപ്പിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 10,00,000 |
| ബഡ്സ് സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ- | 10,00,000 |

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | |
| 2022-2023 | |
| ബഡ്സ് സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 10,00,000 |
| ബഡ്സ് സ്കൂൾ നടത്തിപ്പിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 10,00,000 |

- കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സ്നേഹസാന്ത്വനം പദ്ധതി 2010-11 വർഷം മുതൽ നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ദീർഘകാലചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്നു.

- കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ മദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 700/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി നടപ്പാക്കുന്നു.

- എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം മിഷൻ അനുവദിക്കുന്നു.

- കാസർഗോഡ് ജില്ലയിലെ പെരിയ, കാറഡുക്ക, മുളിയാർ, കയ്യൂർ ചീമേനി, ഞെള്ളർ, കുമ്പഡാജെ, എൻമകജെ, പനത്തടി, ബദിയടുക്ക, കല്ലാർ എന്നീ 10 ബഡ്സ് സ്കൂളുകളെ മാതൃകശിശു വികസന കേന്ദ്രങ്ങളാക്കി (MCRC) ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്പെഷൽ എഡ്യുക്കേഷനു പുറമെ വിവിധ തെറാപ്പി സേവനങ്ങൾ ഇവിടെ ലഭ്യമാക്കുന്നു.

മേൽ 10 MCRC കളിൽ Solar Plant സ്ഥാപിക്കുന്നതിന് ANERT മായി ചേർന്ന് കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്തിൽ സഹജീവനം സ്നേഹഗ്രാമം എന്ന പദ്ധതിയുടെ ഒന്നാം ഘട്ടം 2024 ജൂലൈമാസം 1 ന് പ്രവർത്തനം ആരംഭിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത ഭിന്നശേഷിക്കാർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, സൈക്കോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ, ആയ/ഹെൽപ്പർ, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിപ്മർ മുഖേന നിയമനം നടത്തിയിട്ടുണ്ട്

എൻഡോസൾഫാൻ ദുരിതബാധിതരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സിവിൽ സപ്ലൈസ് ഓഫീസ് മുഖാന്തിരം പുരോഗമിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തി വരുന്നു.

**(II)** **<u>കഴിഞ്ഞ 8 വർഷത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായമായി നൽകിയ തുകയുടെയും കടം എഴുതിത്തള്ളുന്നതിനും മറ്റുമായി ചെലവഴിച്ച ആകെത്തുകയുടെയും വിശദാംശങ്ങൾ</u>**

(എ) കാസർഗോഡ് കളക്ടറേറ്റ് മുഖാന്തരം

| ക്രമ നമ്പർ | പദ്ധതി വിശദാംശം | അനുവദിച്ച തുക |
|---|---|---|
| 1. | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര തുക | 207,37,91,430/- രൂപ |
| 2 | ബാങ്ക് ലോൺ എഴുതിത്തള്ളൽ | 6,82,70,833/- രൂപ |

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം

| | | | | |
|---|---|---|---|---|
| | | | സ്പെഷ്യൽ | |

| ക്രമ നം. | സാമ്പത്തിക വർഷം | സ്നേഹസാന്ത്വനം | ആശ്വാസകിരണം | വിദ്യാഭ്യാസാനുകൂല്യം |
|---|---|---|---|---|
| 1 | 2017-18 | 9.67 കോടി | 81.38 ലക്ഷം | 67.80 ലക്ഷം |
| 2 | 2018-19 | 9.83 കോടി | 77.91 ലക്ഷം | 32.92 ലക്ഷം |
| 3 | 2019-20 | 9.99 കോടി | 68.67 ലക്ഷം | 26 ലക്ഷം |
| 4 | 2020-21 | 11.20 കോടി | 69.51 ലക്ഷം | 25.39 ലക്ഷം |
| 5 | 2021-22 | 10.85 കോടി | 69 ലക്ഷം | 23.63 ലക്ഷം |
| 6 | 2022-23 | 10.67 കോടി | 68.89 ലക്ഷം | 18.68 ലക്ഷം |
| 7 | 2023-24 | 10.17 കോടി | 66.97 ലക്ഷം | 5.41 ലക്ഷം |
| 8 | 2024-25<br>15.02.2025 വരെ | 10.9 കോടി | 54.10 ലക്ഷം | 15.07 ലക്ഷം |

**കാസർഗോഡ് ജില്ലയിൽ നിലവിലുള്ള എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നാളിതുവരെ അനുവദിച്ച് വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ (പഞ്ചായത്ത് തിരിച്ച്)**

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ള മേൽപറഞ്ഞ 11 പഞ്ചായത്തുകളിൽ അജാനൂർ പഞ്ചായത്ത് ഒഴികെയുള്ള 10 പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകളെ സാമൂഹ്യനീതി വകുപ്പ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തരം തദ്ദേശസ്വയം ഭരണ വകുപ്പിൽ (പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളത്) നിന്ന് ഏറ്റെടുത്ത് ആയത് എം.സി.ആർ.സി.കളായി (മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ) ഉയർത്തി പ്രവർത്തിച്ചുവരുന്നുണ്ട്. സാധാരണ ബഡ്സ് സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി സ്പെഷ്യൽ എഡ്യൂക്കേഷനു പുറമെ വിവിധ തെറാപ്പി സേവനങ്ങൾ കൂടി പ്രസ്തുത സ്ഥാപനങ്ങൾ മുഖാന്തരം ലഭ്യമാക്കുന്നുണ്ട്. സ്പെഷ്യൽ എഡ്യൂക്കേറ്റർ, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനങ്ങളും നല്കിവരുന്നുണ്ട്.

| **ക്രമ നമ്പർ** | **പഞ്ചായത്തിന്റെ പേര്** | **എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം** | നല്കുന്ന ആനുകൂല്യങ്ങൾ |
|---|---|---|---|
| 1 | അജാനൂർ | 776 | 1. പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ സംവിധാനത്തിനായി ഒരു പദ്ധതി നിലവിലുള്ളതും ആയതുപ്രകാരം മരുന്നും ചികിത്സയും നൽകിവരുന്നതുമാണ് . |
| 2 | ബദിയടുക്ക | 670 | 1. ബഡ്സ് സ്കൂൾ വാഹന വാടക, ബഡ്സ് സ്കൂൾ ഭക്ഷണം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2. എൻഡോസൾഫാൻ ദുരിതബാധിതരെ പാലിയേറ്റീവ് കെയർ പ |

| | | | |
|---|---|---|---|
| | | | ദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്.<br>3. ബദിയടുക്ക MCRC പ്രവർത്തിക്കുന്നുണ്ട്. |
| 3 | ബേളൂർ | 458 | 1. ദുരിതബാധിതർക്ക് മരുന്ന് വാങ്ങി നൽകുന്നുണ്ട്.<br>2. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് FHC(ഫാമിലി ഹെൽത്ത് സെന്റർ) ക്ക് മരുന്ന് വാങ്ങി നൽകുന്നുണ്ട്.<br>3. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം നടത്തുന്നുണ്ട്.<br>4. ബഡ്സ് സ്കൂളിന്റെ ആവർത്തന ചെലവുകൾ, സ്കൂൾ വാഹന വാടക എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരുന്നു.<br>5. എൻഡോസൾഫാൻ ദുരിതബാധിതരുടെ പാലിയേറ്റീവ് പരിചരണത്തിന് പഞ്ചായത്ത് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 4 | എൻമകജെ | 706 | 1. 2011 ന് ശേഷം ജനിച്ച എൻഡോസൾഫാൻ ബാധിത പഞ്ചായത്തിലെ ഭിന്നശേ |

| | | | |
|---|---|---|---|
| | | | ഷിക്കാരായ എല്ലാവരെയും എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. |
| 5 | കള്ളാർ | 797 | 1. എൻഡോ സൾഫാൻ ദുരിതബാധിതരായ മുതിർന്ന പൌരൻമാർക്ക് വയോജന വിശ്രമകേന്ദ്രം ഉപയോഗിക്കാൻ കഴിയുന്നതാണ്, പാലിയേറ്റീവ് കെയർ, മരുന്ന് വാങ്ങൽ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്. |
| 6 | കാറടക്ക | 516 | എൻഡോസൾഫാൻ ദുരിതബാധിതർക്കായി വേണ്ടി ഒരു ആംബുലൻസ് നിലവിൽ ഓടുന്നുണ്ട്. അതിലേക്ക് ഒരു ഡ്രൈവറും നിലവിലുണ്ട് . ആയതിന്റെ ചെലവ് തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്നുണ്ട്. മരുന്ന് വാങ്ങുന്നതിന് പ്രൊജക്ട് വെച്ചിട്ടുണ്ട്. |
| 7 | കയ്യൂർ ചീമേനി | 881 | 1. എൻഡോസൾഫാൻ ദുരിതബാധിതർക്കായി പഞ്ചായത്തിൽ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ 1 ലക്ഷം രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി |

| | | | |
|---|---|---|---|
| | | | മാത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. മാസം ശരാശരി-55 രോഗികൾക്ക് മരുന്ന് നൽകി വരുന്നുണ്ട്.<br><br>2. കിടപ്പ് രോഗികളായ എല്ലാ എൻഡോസൾഫാൻ ബാധിതർക്കും ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് സംവിധാനം കൃത്യമായി സന്ദർശനം നടത്തി പരിചരണം നൽകി വരുന്നുണ്ട്. നിലവിൽ പാലിയേറ്റീവ് കെയറിനായി ഉപയോഗിക്കുന്ന വാഹനസൗകര്യങ്ങൾ തന്നെ എൻഡോസൾഫാൻ രോഗികളുടെ ആവശ്യത്തിനും ഉപയോഗിക്കുന്നുണ്ട്. FHC വഴി ആവശ്യമായ മരുന്നുകളും നൽകി വരുന്നുണ്ട്. |
| 8 | കംബാടാജെ | 493 | 1. ബഡ്സ് സ്കൂളിന്റെ ആവർത്തന ചെലവുകൾ, സ്കൂൾ വാഹന വാടക എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരുന്നു.<br><br>2. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| | | | എർഡോസൾഫാൻ ദുരിതബാധിതർക്ക് പരിചരണം നൽകുന്നുണ്ട്. ആവശ്യത്തിന് വാഹനം കരാറടിസ്ഥാനത്തിൽ ഏർപ്പാട് ചെയ്ത് നല്കുന്നുണ്ട് . ആയതിന് പഞ്ചായത്ത് പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്ന് തുക നൽകുന്നുണ്ട്. |
| 9 | മൂളിയാർ | 504 | 1. തണൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആകെ 67 കുട്ടികൾ രജിസ്റ്റർ ചെയ്തതിൽ ശരാശരി 34 കുട്ടികൾ ദിനം പ്രതി എത്തിച്ചേരാറുണ്ട്. അവർക്കുള്ള ഭക്ഷണം വിദ്യാഭ്യാസ വകുപ്പിൽ നിന്നും ടീച്ചർ, ആയമാർ എന്നിവരുടെ ഹോണറേറിയം, കുട്ടികളുടെ യാത്രച്ചെലവ് എന്നിവയ്ക്ക് പദ്ധതി രൂപീകരിച്ച് ഫണ്ട് അനുവദിച്ചു വരുന്നുണ്ട്.<br>2. ബഡ്സ് സ്കൂൾ കുട്ടികൾക്കായി പ്രത്യേകം വാഹനം നിലവിലുണ്ട് . |
| 10 | പനത്തടി | 596 | എൻഡോസൾഫാൻ ദുരിതബാധിതർക്ക് മരുന്ന് വാങ്ങുന്നതിന് പദ്ധതികൾ ഏറ്റ |

| | | | |
|---|---|---|---|
| | | | െടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികളെ കൊണ്ടു പോകുന്നതിന് പഞ്ചായത്തിന്റെ അധിനതയിലുള്ള ആമ്പുലൻസ് ഉപയോഗിച്ച് വരുന്നു. |
| 11 | പുല്ലൂർ പെരിയ | 869 | 1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണംനടത്തുന്നുണ്ട്.<br>2. ബഡ്സ് സ്കൂളിന്റെ ആവർത്തന ചെലവുകൾ, സ്കൂൾ വാഹന വാടക എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരുന്നു.<br>3. എൻഡോസൾഫാൻ ബാധിതരായ 52 പേർ പാലിയേറ്റീവ് കെയറിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കിടപ്പിലായ 12 പേർക്ക് ഹോം കെയർ നൽകി വരുന്നുണ്ട് |
| **ആകെ** | | 7266 | |

25-02-2025

**ഡോ ആർ ബിന്ദു**
MINISTER

<u>അനുബന്ധം 3</u>

<u>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകിയ വിവിധ ആശുപത്രികളിൽ കുടിശ്ശിക തുക നൽകുവാനുള്ള ആശുപത്രികളുടെ പട്ടിക</u>

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് |
|---|---|
| 1 | മലബാർ ക്യാൻസർ സെന്റർ തലശ്ശേരി |
| 2 | ഗവ. മെഡിക്കൽ കോളേജ് കണ്ണൂർ |
| 3 | കസ്തൂർബ മെഡിക്കൽ കോളേജ് മംഗളൂരു |
| 4 | സാമൂഹികാരോഗ്യകേന്ദ്രം മൂളിയാർ |
| 5 | സാമൂഹികാരോഗ്യ കേന്ദ്രം ബെള്ളൂർ |
| 6 | ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് |
| 7 | ശ്രീ. ചിത്തിര തിരുനാൾ, തിരുവനന്തപുരം |
| 8 | കുടുംബാരോഗ്യകേന്ദ്രം പാണത്തൂർ |
| 9 | ജനറൽ ആശുപത്രി കാസറഗോഡ് |
| 10 | കെ.എം.സി ജ്യോതി മംഗളൂരു |
| 11 | താലൂക്ക് ആശുപത്രി നീലേശ്വരം |

| | |
|---|---|
| 12 | കുടുംബാരോഗ്യകേന്ദ്രം ചട്ടംചാൽ |
| 13 | കുടുംബാരോഗ്യകേന്ദ്രം കരിന്തളം |
| 14 | ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം വെള്ളരികുണ്ട് |
| 15 | കുടുംബാരോഗ്യകേന്ദ്രം ഉദുമ |
| 16 | കുടുംബാരോഗ്യകേന്ദ്രം അജാനൂർ |
| 17 | റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം |

25-02-2025

ഡോ ആർ ബിന്ദു
MINISTER